# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3738** **23.08.2017- ൽ മറുപടിക്ക്**

### കൈത്തറിമേഖലയ്ക്ക് പ്രോത്സാഹനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.സ്വരാജ്** | **ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് വേതന വർദ്ധന ലഭിക്കുന്നതിനും കൈത്തറി ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ? | (എ) സംസ്ഥാനത്തെ കൈത്തറി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി 2017-18 വർഷത്തിൽ ചുവടെ ചേർക്കുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1) 2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% ഗവൺമെന്റ് സഹായം നൽകും. ഇതുവഴി കൈത്തറി മേഖലയിൽ കൂടുതൽ പേരെ ആകർഷിക്കാനും തൊഴില വസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും.<br>2)അടുത്ത അദ്ധ്യയനവർഷം 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിലേക്കായി ഏകദേശം 24 ലക്ഷം മീറ്റർ തുണി ഉത്പാദിപ്പിക്കുന്ന തിലേക്കായി കുറഞ്ഞത് 4000 നെയ്ത്തുകാരും 8000 അനുബന്ധ തൊഴിലാളികളും ആവശ്യമായി വരും. അവർക്ക് മെച്ചപ്പെട്ട വേതനവും അർഹമായ ആനുകൂല്യങ്ങളും ഉറപ്പ് വരുത്തും.<br>3)കേരള ഹാന്റ്ലൂം ഉൽപന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റോടുകൂടിയ നിലവാരത്തിലുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ധനസഹായം നൽകുന്നു.<br>4)നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഐ.ഐ.എച്ച്.റ്റി) മുഖേന ആവശ്യമനുസരിച്ച് പരിജ്ഞാനം ലഭിച്ച ഡിസൈനർമാരെ ഉൾപ്പെടുത്തി നെയ്ത്തുകാരെ സഹായിക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് ഒരു പ്രദേശത്ത് ഒരു ഡിസൈനറെ ഉൾപ്പെടുത്തുവാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

5) കൈത്തറി ഉൽപന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കൈത്തറി സഹകരണസംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് വിപണന-കയറ്റുമതി പ്രോത്സാഹനപദ്ധതി വഴി സഹായം നൽകുന്നു.

6) പ്രീലൂം സൗകര്യങ്ങൾ, തറി അനുബന്ധ ഉപകരണങ്ങൾ, സ്റ്റീൽ റീഡ്, ഷട്ടിൽ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനായി സഹകരണ സംഘങ്ങളിലെ നെയ്ത്തുകാരെ സഹായിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. തറികളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിലവാരം മെച്ചപ്പെടുത്തൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, പ്രവർത്തനങ്ങളുടെ ആധുനികവൽക്കരണം, പുതിയ ഡിസൈൻ/പുതിയ സാമഗ്രികൾ എന്നിവ ഉപയോഗിച്ച് മൂല്യ വർദ്ധിത കൈത്തറി ഉൽപന്നങ്ങളുടെ വികസനവും, പ്രാഥമിക സഹകരണ സംഘങ്ങളുടെയും തൊഴിലാളികളുടെയും പണിശാല നവീകരണത്തിനും ധനസഹായം നൽകുന്നു.

**സെക്ഷൻ ഓഫീസർ**